"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടിവെള്ളവിതരണത്തിന്റെ കാലാവധി 15/06/2023 മുതൽ ഒരാഴ്ച കൂടി ദീർഘിപ്പിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.1292/2023/LSGD തീയതി,തിരുവനന്തപുരം, 21-06-2023

---

പരാമർശം:- 1. സ ഉ (സാധാ) നം. 564/2023/തസ്വഭവ തീയതി 06/03/2023

2. സ ഉ (സാധാ) നം. 1153/2023/തസ്വഭവ തീയതി 02/06/2023

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വേണ്ടി 01/04/2023 മുതൽ 31/05/2023 വരെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് പരാമർശം (2) പ്രകാരം പരാമർശം (1) ലെ ഉത്തരവിനു തുടർച്ചയായി സംസ്ഥാനത്തു കുടിവെള്ളക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 01/06/2023 മുതൽ രണ്ടാഴ്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്രകാരം കുടിവെള്ള വിതരണത്തിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടത് എന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തീരുമാനിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദേശിച്ചിരുന്നു.

3. നിലവിൽ കണ്ണൂർ ജില്ലയിലെ മുണ്ടേരി പഞ്ചായത്ത്, കരിവെള്ളൂർ പേരളം പഞ്ചായത്ത്, പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുടിവെള്ളവിതരണം ഒരാഴ്ച കൂടി നീട്ടിനൽകണമെന്ന് കണ്ണൂർ ജില്ലാ കളക്ടറും കാസർഗോഡ് ജില്ലാ കളക്ടറും സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തു കണ്ണൂർ കാസർഗോഡ് ജില്ലകളിലെ കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ കുടിവെള്ളവിതരണത്തിന്റെ കാലാവധി 15/06/2023 മുതൽ ഒരാഴ്ച കൂടി മേൽ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിക്കുന്നതിനു പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.പ്രസ്തുത ജില്ലകളിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇപ്രകാരം കുടിവെള്ള വിതരണത്തിന്റെ കാലാവധി ദീർഘിപ്പിക്കേണ്ടത് എന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തീരുമാനിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർ, കണ്ണൂർ/ കാസർഗോഡ്
മെമ്പർ സെക്രട്ടറി സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മന്റ് ആതോറിട്ടി
റവന്യൂ (സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മന്റ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2/എ&ഇ) കേരള
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
K Renuka
Date: 22-06-2023 11:04:57
സെക്ഷൻ ഓഫീസർ